ഒ.വൈ.ഇ.സി.-യിൽ തുക അടയ്ക്കാൻ സാധിക്കാത്തവർക്ക് കുടിർജ്യോതി തീരജ്യോതി പദ്ധതികളിൽപ്പെടുത്തി കണക്ഷൻ നൽകാൻ നടപടി

18 (4626) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ ഓലമേഞ്ഞ ചെറിയ വീടുകളിൽ താമസിക്കുന്ന ഒ. വൈ. ഇ. സി. യിൽ തുക അടയ്ക്കാൻ സാധിക്കാത്തവരും സി. ഡി. അടച്ച് ഗാർഹിക വൈദ്യുതി കണക്ഷൻ അപേക്ഷിച്ചിട്ടുള്ള പാവപ്പെട്ടവരുമായ അപേക്ഷകരെ, ബി. പി. എൽ. കുടിർജ്യോതി, തീരജ്യോതി എന്നീ പദ്ധതികളിൽപ്പെടുത്തി ഗാർഹിക കണക്ഷൻ നൽകാൻ പരിഗണിക്കുമോ ;

(ബി) എങ്കിൽ എന്നത്തേയ്ക്ക് ഇവർക്ക് കണക്ഷൻ ലഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത അപേക്ഷകരിൽ അർഹതയുള്ളവരെ ബി.പി.എൽ., കുടിർജ്യോതി, തീരജ്യോതി എന്നീ പദ്ധതിയിൽ ഉൾപ്പെടുത്തി വെതർപ്രൂഫ് കണക്ഷൻ നൽകാൻ മുൻഗണനാടിസ്ഥാനത്തിൽ പരിഗണിച്ചു വരുന്നു.

(ബി) മുൻഗണനാക്രമമനുസരിച്ചും സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ചും കണക്ഷനുകൾ നൽകുന്നതാണ്.

വൈദ്യുതി കണക്ഷൻ നൽകാൻ കൈക്കൂലി ആവശ്യപ്പെട്ട സംഭവം

19 (4627) ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ പാവൂർ വില്ലേജിലെ താമരകോട്ടയിൽ താമസിക്കുന്ന ശ്രീ. മാറുമുല്യ എന്നയാൾ 1989-ൽ മിനിമം ഗ്യാരന്റി എഗ്രിമെന്റ് സ്കീമിൽ മഞ്ചേശ്വരം ഇലക്ട്രിക്കൽ സെക്ഷനിൽ കാർഷികാവശ്യത്തിനായി പമ്പു ഹൗസിനു വൈദ്യുതി കണക്ഷന് അപേക്ഷിച്ചിരുന്നുവെന്നും എന്നാൽ തൊട്ടടുത്ത് താമസിക്കുന്ന ശ്രീ. ബാബുമുല്യ എന്നയാൾ വൈദ്യുതി കണക്ഷനായി കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർക്ക് കൈക്കൂലിയായി നൽകിയ തുകയുടെ പകുതി ശ്രീ. മാറുമുല്യയിൽ നിന്നും ആവശ്യപ്പെട്ടിരിക്കുകയാണെന്നും പ്രസ്തുത തുക നൽകാത്തതിനാൽ മാറുമുല്യയ്ക്ക് കണക്ഷൻ നൽകിയിട്ടില്ലെന്നും കാണിച്ച് പരാതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചത് എന്നറിയിക്കാമോ ;

(ബി) ശ്രീ. മാറുമുല്യയുടെ വീട്ടിലേക്ക് കണക്ഷൻ നൽകുന്നതിനായി ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുകയും കമ്പി വലിക്കുകയും ചെയ്ത ശേഷം അവ നീക്കം ചെയ്യാൻ മഞ്ചേശ്വരം പൊലീസിന്റെ സഹായത്തോടെ മഞ്ചേശ്വരം സെക്ഷനിലെ ഉദ്യോഗസ്ഥർ ശ്രമിച്ചിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly